DESPATCHED
On..3/.3/.23...

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 465*(2)/2021*/*എസ്.ഐ.സി***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **10145**/*എസ്.ഐ.സി-ജി 6/21*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. സാമുവേൽ പി.റ്റി.,
പുത്തൻപുരയ്ക്കൽ,
മേലുകാവുമറ്റം പി.ഒ., കോട്ടയം,
പിൻ – 686 652.** } **പരാതി ഹർജിക്കാരൻ**

**Vs**

**സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ഡെപ്യൂട്ടി തഹസിൽദാർ (ഇലക്ഷൻ),
താലൂക്ക് ഓഫീസ്,
മീനച്ചിൽ, മിനി സിവിൽ സ്റ്റേഷൻ, പാലാ,
കോട്ടയം.** } **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 21.12.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 24.12.2020 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | – |
| അപ്പീലിന് മറുപടി നൽകിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 25.08.2021 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 02.09.2021 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. സാമുവേൽ പി.റ്റി., 25.08.2021ന് സമർപ്പിച്ച പരാതി ഹർജി 02.09.2021ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.465(2)/21/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

3. പരാതി ഹർജിക്കാരൻ 21.12.2020ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) 2020ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടികയിൽ ടിയാന്റെ ഭാര്യയുടെയും (ശോശാമ്മ കെ.ജെ.) മകന്റെയും (ഷിജി എസ്.) പേരുകൾ നീക്കം ചെയ്തതായി കാണുന്നുവെന്നും കാരണം എന്താണെന്നും

2) കഴിഞ്ഞ തെരഞ്ഞെടുപ്പു വരെ വോട്ടർ പട്ടികയിൽ പേരുകൾ ഉണ്ടായിരുന്നത് ആരുടെ നിർദ്ദേശപ്രകാരമാണ് നീക്കം ചെയ്തതെന്നും

3) ടിയാന്റെ മാത്രമായി വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തിയത് എങ്ങനെയാണെന്നും

4) വോട്ട് ചെയ്യുന്നതിനുള്ള അവകാശം നിഷേധിക്കുന്നത് ആരുടെ നിക്ഷിപ്ത താല്പര്യ പ്രകാരമാണെന്നും തുടങ്ങി 8 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 24.12.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ 1 മുതൽ 7വരെയുള്ള ചോദ്യങ്ങൾ ടി ഓഫീസുമായി ബന്ധപ്പെട്ടതല്ലെന്നും ആയതിന്റെ മറുപടി മേലുകാവ് പഞ്ചായത്ത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറായ മേലുകാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ആരായാവുന്നതാണെന്നും ക്രമനമ്പർ 8 പ്രകാരമുള്ള ചോദ്യത്തിന്റെ മറുപടി ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്.

4. എതിർകക്ഷി 11.10.2021ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷ പരിശോധിച്ചതിൽ ചോദ്യം 1 മുതൽ 7വരെയുള്ളവ മേലുകാവ് ഗ്രാമപഞ്ചായത്തിലെ വോട്ടർപട്ടികയുമായി ബന്ധപ്പെട്ടതായിരുന്നുവെന്നും ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുപ്പുകൾക്കു വേണ്ടിയുള്ള വോട്ടർ പട്ടിക തയ്യാറാക്കുന്നത് അതാത് ഗ്രാമപഞ്ചായത്തിന്റെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരായ പഞ്ചായത്ത് സെക്രട്ടറിമാരാണെന്നും നിയമസഭ, പാർലമെന്റ് തെരഞ്ഞെടുപ്പുകൾക്കുള്ള വോട്ടർ പട്ടിക തയ്യാറാക്കുന്നത് ഓരോ താലൂക്കിന്റെയും തഹസിൽദാർമാരായ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരാണെന്നുമാണ്.

കൂടാതെ ടിയാന്റെ അപേക്ഷയിലെ ചോദ്യം നമ്പർ 8 മാത്രമായിരുന്നു ടി ഓഫീസിലെ വോട്ടർ പട്ടികയുമായി ബന്ധപ്പെട്ടതെന്നും ആയതിനുള്ള മറുപടി ടിയാന് നൽകിയിട്ടുള്ളതും ചോദ്യം 1 മുതൽ 7വരെയുള്ളതിനുള്ള മറുപടി മേലുകാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ശേഖരിക്കാവുന്നതാണെന്നുമുള്ള നിർദ്ദേശവും നൽകിയിരുന്നുവെന്നാണ്.

കമ്മീഷനിൽ നിന്നും ലഭിച്ച കത്തിനോടൊപ്പമുള്ള അപേക്ഷയിലെ ചോദ്യം 2നുള്ള മറുപടി താഴെ ചേർക്കുന്നുവെന്നും ചോദ്യം 1, 3 എന്നിവ പ്രകാരമുള്ള വിവരം

മേലുകാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഓഫീസിൽ നിന്നും ടിയാന് ലഭിക്കേണ്ട താണെന്നുമാണ്.

5. 23.01.2023 തീയതി കോട്ടയം പി.ഡബ്ല്യു.ഡി ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ വച്ചു നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരൻ ഹാജരായില്ല. എതിർകക്ഷി ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ പരാതി ഉന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ ക്രമനമ്പർ 1 മുതൽ 7വരെയുള്ളവയ്ക്ക് വിവരം ലഭ്യമാക്കുന്നതിനായി വിവരം നിക്ഷിപ്തമായ ഓഫീസിലേയ്ക്ക് വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം കൈമാറി നൽകിയിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. ടി വീഴ്ച ഗുരുതരമാകയാൽ പരാമർശിത കാലയളവിലെ എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കമ്മീഷൻ നിരീക്ഷിക്കുന്നു. ആകയാൽ ടി എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

7. മേൽ നിർദ്ദേശപ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2023 ഫെബ്രുവരി 14-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/